പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## പോലീസ് വെടിവെപ്പിനുള്ള മാനദണ്ഡങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :107 — 28/11/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എം.ഷാജി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| (എ) | അക്രമം നടത്തുന്ന ജനക്കൂട്ടത്തിന് മുന്നറിയിപ്പ് നൽകുന്നതിന് പോലീസുകാർ നിറയൊഴിക്കുമ്പോൾ ഉന്നം തെറ്റി ജനങ്ങൾ മരണപ്പെടാതിരിക്കാൻ പോലീസുകാർക്ക് വെടിവയ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) & (ബി) | നിർബന്ധമാക്കിയിട്ടുണ്ട്. പോലീസ് ട്രെയിനികളുടെ സിലബസിൽ ആയുധ പരിശീലനം പാഠ്യ വിഷയമാക്കിയിട്ടുള്ളതും പോലീസിലെ എല്ലാ സേനാംഗങ്ങൾക്കും പരിശീലന കാലയളവിൽ തന്നെ വെടിവയ്പ് പരിശീലനം നൽകി വരുന്നതുമാണ്. |
| (ബി) | എങ്കിൽ ഇത് സംസ്ഥാനത്തെ എല്ലാ സ്റ്റേഷനുകളിലും ക്യാമ്പുകളിലും നടപ്പാക്കി വരുന്നുണ്ടോ; | | |
| (സി) | പോലീസ് വെടിവെപ്പ്, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കുമെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പോലീസ് വെടിവെപ്പിന് ഇടയാകുന്ന സാഹചര്യം ഉണ്ടായാൽ ഇക്കാര്യത്തിൽ നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ